# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 18.06.2014 ലെ മറുപടിക്ക്

ചോദ്യം നം 2604

### ജനപങ്കാളിത്തത്തോടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | എ) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന്റെ ഭാഗമായി റെസ്പോൺസിബിൾ ടൂറിസം പദ്ധതി വിനോദസഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു. ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജന പങ്കാളിത്തത്തോടെ ടൂറിസം വികസന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ നടത്തുകയും പ്രധാന ടൂറിസം കേന്ദ്രങ്ങൾക്ക് ചുറ്റുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധി-കൾക്ക് ഒരു ശില്പശാല സംഘടിപ്പിക്കു-കയും ചെയ്തിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തന ങ്ങളുമായി കഴിയുന്നത്ര മേഖലകളെ സംയോജിപ്പിച്ച് ടൂറിസം ബന്ധിത പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക യാണ് ഈ പദ്ധതികളുടെ അടിസ്ഥാന ലക്ഷ്യം. പദ്ധതി നടപ്പാക്കുക വഴി |

(..........2)

പ്രദേശവാസികൾക്ക് ടൂറിസത്തിലൂടെ കൂടുതൽ തൊഴിലും വരുമാനവും ലഭ്യമാക്കാനും ടൂറിസം ഉല്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ, പരിസ്ഥിതി, സംസ്കാരം, പൈതൃക സംരക്ഷണം എന്നിവയും ഇതുവഴി ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| സി) | ഏതെല്ലാം തരത്തിലുള്ള പങ്കാളിത്തമാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത് ; | സി) | വ്യക്തികൾ, കൂട്ടായ്മകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെയാവും പദ്ധതി നടപ്പാക്കുക. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | 2007-ൽ കോവളം, കുമരകം, തേക്കടി, വൈത്തിരി എന്നിവിടങ്ങളിൽ ആരംഭിച്ച റെസ്പോൺസിബിൾ ടൂറിസം പദ്ധതി 2011-ൽ കുമ്പളങ്ങി, അമ്പലവയൽ, ബേക്കൽ എന്നിവിടങ്ങളിലേയ്ക്കും വ്യാപിച്ച് നടപ്പാക്കിവരുന്നു. തദ്ദേശീയരുടെ തൊഴിൽകാര്യശേഷി വികസനത്തിന് റെസ്പോൺസിബിൾ ടൂറിസം പദ്ധതി മുൻഗണന നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ 1,00,00,000/- രൂപ നീക്കി വച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**